**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5388** **21-07-2022 - ൽ മറുപടിയ്ക്ക്**

**പുതിയ ബോട്ടുകൾ അനുവദിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ് | | ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കുട്ടനാടൻ പ്രദേശങ്ങളിൽ സർവ്വീസ് നടത്തുന്ന സ്റ്റേറ്റ് വാട്ടർ ട്രാൻസ്പോർട്ടിന്റെ കാലപ്പഴക്കം ചെന്ന ബോട്ടുകൾക്ക് പകരം പുതിയ ബോട്ടുകൾ അനുവദിക്കാൻ നടപടികൾ സ്വീകരിക്കുമോ; | (എ) | കാലപ്പഴക്കം ചെന്ന ബോട്ടുകൾ സർവ്വീസിൽ നിന്നും പിൻവലിച്ച് അത്യാധുനിക രീതിയിലുള്ള ബോട്ടുകൾ സർവ്വീസിൽ ഉൾപ്പെടുത്തുന്നതിന്റെ ഭാഗമായി തടി ബോട്ടുകൾക്ക് പകരം സ്റ്റീൽ, കാറ്റാമറൈൻ ഫൈബർ ബോട്ടുകൾ വകുപ്പ് ഉപയോഗിച്ചുവരുന്നു. സോളാർ ബോട്ടുകളും ആധുനിക സജ്ജീകരണങ്ങളോടുകൂടിയ കാറ്റാമറൈൻ ബോട്ടുകളും വെള്ളപ്പൊക്ക സമയത്തും മറ്റും, മറ്റ് ബോട്ടുകൾക്ക് എത്തിപ്പെടാൻ കഴിയാത്ത സ്ഥലങ്ങളിൽ എത്തി രക്ഷാപ്രവർത്തനം നടത്തുന്നതിനായി രൂപകല്പന ചെയ്ത ഡിങ്കി ബോട്ടുകളും കുട്ടനാട് മേഖലയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) | സ്കൂൾ കുട്ടികളുടെ യാത്രക്ക് വലിയ ബുദ്ധിമുട്ട് നേരിടുന്ന പ്രദേശങ്ങളിൽ കൂടുതൽ ബോട്ട് സർവ്വീസുകൾ തുടങ്ങാൻ നടപടി സ്വീകരിക്കുമോ? | (ബി) | വെള്ളത്താൽ ചുറ്റപ്പെട്ടതും മറ്റ് യാത്രാമാർഗ്ഗങ്ങളൊന്നുമില്ലാത്തതുമായ കുട്ടനാട്ടിൽ അധിവസിക്കുന്ന ജനങ്ങൾക്ക് ചെലവു കുറഞ്ഞ യാത്രാമാർഗ്ഗം ഏർപ്പെടുത്തുന്നതിനായി ആലപ്പുഴ, നെടുമുടി, പുളിങ്കുന്ന്, കാവാലം, എടത്വ, ചങ്ങനാശ്ശേരി എന്നീ സ്റ്റേഷൻ ഓഫീസുകൾ കേന്ദ്രീകരിച്ച് 22 ബോട്ടു സർവ്വീസുകളിലായി ദിനംപ്രതി 110 ട്രിപ്പുകൾ വകുപ്പ് നടത്തിവരുന്നു. സ്കൂൾ കുട്ടികൾക്ക് യഥാസമയം സ്കൂളിൽ എത്തിച്ചേരാൻ സാധിക്കുന്നതരത്തിലാണ് വകുപ്പ് ബോട്ട് സർവ്വീസുകൾ ക്രമീകരിച്ചിരിക്കുന്നത്. നിലവിൽ എല്ലാ സർവ്വീസുകളും മുടക്കമില്ലാതെ നടത്തുന്നുണ്ട്. |

സെക്ഷൻ ഓഫീസർ